## വയോസൗഹൃദ പഞ്ചായത്ത്

- മുതിർന്നവരുടെ അവശതകൾ പരിഹരിക്കാൻ അനുയോജ്യമായ വികസന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകി ആവിഷ്കരിച്ചു നടപ്പാക്കുന്നു.
- മുതിർന്നവർക്ക് വരുമാനദായക തൊഴിലുകൾക്ക് അവസരങ്ങൾ കണ്ടെത്തുന്നു.
- വികസന ക്ഷേമ പ്രവർത്തനങ്ങളിൽ മുതിർന്നവരുടെ സേവന വിനിയോഗം.
- പകൽ പരിപാലന കേന്ദ്രങ്ങൾ മുഖേന വിനോദത്തിനും ആരോഗ്യ പരിരക്ഷക്കും അവസരമുണ്ടാക്കുന്നു.

വിശദവിവരങ്ങൾക്ക് ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിയുമായി ബന്ധപ്പെടുക

## വയോമിത്രം

- കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്നു.
- കൗൺസിലിംഗ്, പാലിയേറ്റീവ് സേവനങ്ങൾ
- 65 വയസ്സിനു മുകളിലുള്ളവർക്ക് ആരോഗ്യപരിപാലനം

സേവനങ്ങൾക്ക് നഗരസഭാ ഓഫീസുമായി ബന്ധപ്പെടുക.

## കേന്ദ്ര പദ്ധതികൾ

- മുതിർന്നവർക്കുവേണ്ടിയുള്ള സംയോജിത പദ്ധതി (I.P.O.P 14 പദ്ധതികൾ അടങ്ങിയത്).
- രാഷ്ട്രീയ വയോശ്രീ യോജന.
- വയോശ്രേഷ്ഠസമ്മാൻ.

തുടങ്ങിയവ മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതികളാണ്.

വിശദവിവരങ്ങൾക്ക് ജില്ലാസാമൂഹ്യനീതി ഓഫീസറെ സമീപിക്കുക.


പ്രസിദ്ധീകരിക്കുന്നത്

സാമൂഹ്യനീതി ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ,
തിരുവനന്തപുരം




www.socialjustice.nic.in, www.sjd.kerala.gov.in




# ഉറപ്പാക്കാം വയോജന പങ്കാളിത്തം ഉറപ്പിക്കാം വയോസൗഹൃദ കേരളം

### മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ

സായംപ്രഭാ ഭവനങ്ങൾ

വയോജന സദനങ്ങൾ

മന്ദഹാസം

വയോസൗഹൃദ പഞ്ചായത്ത്

വയോമിത്രം

കേന്ദ്ര പദ്ധതികൾ

www.socialjustice.nic.in, www.sjd.kerala.gov.in

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി സർക്കാർ ഏതാനും നിയമങ്ങളും പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. പൊതുജനങ്ങളിൽ അവയെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കേണ്ടത് അർഹരായ കൂടുതൽ പേരിലേക്ക് സേവനങ്ങൾ എത്തിച്ചേരുന്നതിന് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് സാമൂഹ്യനീതി വകുപ്പ് ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്.



## സായംപ്രഭാ ഭവനങ്ങൾ

- മുതിർന്ന പൗരന്മാർക്ക് പകൽ സമയങ്ങളിൽ പഞ്ചായത്തുതലത്തിൽ ഒത്തുചേരാനുള്ള സൗകര്യം.
- മാനസികോല്ലാസത്തിനുതകുന്ന വിനോദപ്രവർത്തനങ്ങൾ.
- മുതിർന്നവർക്കനുയോജ്യമായ യോഗ, വ്യായാമ അഭ്യസനം.
- തുടർച്ചയായ വൈദ്യപരിശോധനയും ചികിൽസയും.
- ഭക്ഷ്യപോഷണ ന്യൂനതകൾക്ക് പരിഹാരം.
- മാനസിക സാമൂഹികാരോഗ്യ സേവനങ്ങൾ.

തദ്ദേശ സ്ഥാപനങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന സായംപ്രഭാ ഭവനങ്ങളെ സാമൂഹ്യനീതി വകുപ്പ് സാമ്പത്തിക പിന്തുണ നൽകി ശാക്തീകരിക്കുന്നു.

സേവനങ്ങൾക്കായി ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറിയുമായി ബന്ധപ്പെടുക.

## വയോജന സദനങ്ങൾ

- സംരക്ഷിക്കാൻ ആളില്ലാത്ത മുതിർന്നവർക്ക് സൗജന്യമായി അഭയവും സംരക്ഷണവും.
- സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന 16 വയോജന സദനങ്ങൾ.
- എല്ലാ ജില്ലകളിലും വ്യാപിച്ചു കിടക്കുന്ന അവയിൽ 1500-ൽ പരം സേവന ഉപയോക്താക്കൾ
- അനാഥാലയ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന 622 വയോജന സദനങ്ങൾ
- പ്രവേശനത്തിന് സ്ഥാപനങ്ങളെ സമീപിക്കാം

വിശദവിവരങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസറെ സമീപിക്കുക

## മന്ദഹാസം

- ദരിദ്ര വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി സ്ഥാപിച്ചുകൊടുക്കുന്നു.
- ദന്തിസ്റ്റിൽനിന്നും അനുയോജ്യതാ സർട്ടിഫിക്കറ്റ് നേടണം.
- വരുമാനം തെളിയിക്കാൻ ബി.പി.എൽ സർട്ടിഫിക്കറ്റ്/ റേഷൻ കാർഡ്/ വരുമാന സർട്ടിഫിക്കറ്റ്.
- വയസ്സുതെളിയിക്കാൻ സ്കൂൾ സർട്ടിഫിക്കറ്റ്/ ആധാർ/ഇലക്ഷൻ ഐ.ഡി/ മെഡിക്കൽ ഓഫിസറുടെ സർട്ടിഫിക്കറ്റ്.
- ദന്തനിര സ്ഥാപിക്കലും അനന്തര സേവനവും തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലൂടെ.

വിശദവിവരങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസറെ സമീപിക്കുക.